ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 27.06.2024**

## പ്രധാനവാർത്തകൾ

1) പാർലമെന്റിന്റെ സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്ത് രാഷ്ട്രപതി; തിരഞ്ഞെടുപ്പിലെ വനിതാ പങ്കാളിത്തം ശ്രദ്ധേയമെന്ന് ദ്രൗപദി മുർമു.

2) തദ്ദേശ സ്ഥാപനങ്ങൾക്ക് ഫണ്ട് നൽകുന്നതിൽ ആത്മാർത്ഥമായ സമീപനമാണ് സർക്കാരിനെന്ന് മന്ത്രി എം.ബി.രാജേഷ്; പദ്ധതികൾ പ്രതിസന്ധിയിലായെന്ന് പ്രതിപക്ഷം; നിയമസഭയിൽ ഇന്നും പ്രതിപക്ഷ വാക്കൗട്ട്.

3) ടി.പി.ചന്ദ്രശേഖരൻ വധക്കേസിൽ തടവിലുള്ളവർക്ക് ശിക്ഷാ ഇളവ് നൽകാൻ ശുപാർശ ചെയ്ത മൂന്നു ജയിൽ ഉദ്യോഗസ്ഥർക്ക് സസ്പെൻഷൻ.

4) സംസ്ഥാനത്ത് മഴക്കെടുതി രൂക്ഷം; വയനാടും കണ്ണൂരും ഓറഞ്ച് ജാഗ്രത; ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രത; കേരളം, ലക്ഷദ്വീപ്, കർണാടക തീരങ്ങളിൽ മീൻപിടുത്തത്തിന് വിലക്ക്.

5) ദക്ഷിണാഫ്രിക്ക ട്വന്റി-20 പുരുഷ ലോകകപ്പ് ഫൈനലിൽ; ഇന്ത്യ-ഇംഗ്ലണ്ട് രണ്ടാം സെമി ഇന്ന്.

***************************************

## പാർലമെന്റ് -സംയുക്ത സമ്മേളനം (ഇൻട്രോ)

18-ാാം ലോക്സഭയിലേക്ക് നടന്ന തിരഞ്ഞെടുപ്പിലെ വനിതാ പങ്കാളിത്തം ശ്രദ്ധേയമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. പാർലമെൻറിൽ ഇരു സഭകളുടെയും സംയുക്ത

സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു ശ്രീമതി മുർമു. ഇത്തവണ ജമ്മു കശ്മീരിൽ റെക്കോർഡ് പോളിംഗ് രേഖപ്പെടുത്തി.ലോകത്തെ മൂന്നാമത്തെ സാമ്പത്തിക ശക്തിയാകാനുള്ള ശ്രമം ഇന്ത്യ തുടരുകയാണെന്നും രാഷ്ട്രപതി പറഞ്ഞു.

(വോയിസ്)

ഉപരാഷ്ട്രപതി ജഗദീപ് ധൻകറും സംയുക്തസമ്മേളനത്തെ അഭിസംബോധന ചെയ്തു. തുടർന്ന് ഇരു സഭകളിലും നന്ദിപ്രമേയ അവതരണവും ചർച്ചയും നടക്കും.

**************************************

## നിയമസഭ -അടിയന്തരപ്രമേയം

RNU TVPM

നിയമസഭയിൽ ഇന്നും പ്രതിപക്ഷ വാക്ക് ഔട്ട്. പദ്ധതി വിഹിതം യഥാ സമയം ലഭിക്കാത്തത് മൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം പ്രതിസന്ധിയിലാണെന്നും ഇക്കാര്യം സഭ നിർത്തി വച്ച് ചർച്ച ചെയ്യണമെന്നും ആവശ്യപ്പെട്ട് പ്രതിപക്ഷത്ത് നിന്ന് ടി.സിദ്ധിക്ക് അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകി. സാമ്പത്തിക പ്രയാസം മൂലമാണ് സ്വാഭാവികമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടി വന്നതെന്ന് മന്ത്രി എം ബി രാജേഷ് മറുപടി നൽകി. ഈ സാമ്പത്തിക വർഷം മൂന്നു മാസത്തിനിടെ 3887.02 കോടി രൂപ അനുവദിച്ചു. സർക്കാരിൻറേത് ആത്മാർത്ഥമായ സമീപനമാണ്. ജൂലൈ മാസത്തിലെ ഗഡു കൃത്യമായി നൽകുമെന്നും വിഷയം സഭ നിർത്തിവച്ച ചർച്ച ചെയ്യേണ്ട സാഹചര്യമില്ലെന്നും മന്ത്രി അറിയിച്ചു. സ്പീക്കർ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചതോടെ പ്രതിപക്ഷം വാക്കൗട്ട് നടത്തി.

പ്രാദേശിക വികസനം വഴി മുട്ടിയെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ആരോപിച്ചു.

***********************************

## നിയമസഭ-ആർ.ബിന്ദു

എൻജിനീയറിങ് കോളേജുകളിൽ ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനായി റിസർച്ച് പാർക്കുകൾ ആരംഭിക്കുമെന്ന് മന്ത്രി ആർ ബിന്ദു. ഇതിനായി തിരുവനന്തപുരത്ത് സ്ഥലം കണ്ടെത്തി നടപടി ആരംഭിച്ചു. മറ്റ് രണ്ട് പാർക്കുകൾ കൂടി ഈ വർഷം ആരംഭിക്കുമെന്നും മന്ത്രിഅറിയിച്ചു.

***********************************

## നിയമസഭ-കെ.ബി.ഗണേഷ്കുമാർ (ഇൻട്രോ)

RNU TVPM

15 വർഷം പഴക്കമുള്ള കെ എസ് ആർ ടി ബസ് ഉൾപ്പെടെയുള്ള സർക്കാർ വാഹനങ്ങൾ പൊളിക്കുന്നതിന്റെ ഭാഗമായി ഓപ്പൺ ടെണ്ടർ ഉടൻ വിളിക്കുമെന്ന് മന്ത്രി കെ ബി ഗണേഷ് കുമാർ ചോദ്യോത്തരവേളയിൽ പറഞ്ഞു. ആറുമാസത്തിനുള്ളിൽ ടിക്കറ്റ് വിതരണം സമ്പൂർണമായി കംപ്യൂട്ടർവത്കരിച്ച് കെഎസ്ആർടിസി

പുതിയ സംവിധാനത്തിലേക്ക് മാറുമെന്നും അദ്ദേഹം പറഞ്ഞു.

(വോയ്സ്)

***********************************

## നിയമസഭ-വി.അബ്ദു റഹ്മാൻ

ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികളുടെ പ്രീ മെട്രിക് സ്കോളർഷിപ്പ് പദ്ധതിയായ മാർഗദീപം ഉടൻ നടപ്പിലാക്കുമെന്ന് മന്ത്രി വി അബ്ദുറഹിമാൻ പറഞ്ഞു.

************************************

## മുഖ്യമന്ത്രി- ഉത്തരവ്

ശിക്ഷാ ഇളവിനുള്ള ശുപാർശയിൽ ടി.പി. ചന്ദ്രശേഖരൻ വധക്കേസിലെ തടവുകാരെ ഉൾപ്പെടുത്തി പോലീസ് റിപ്പോർട്ട് തേടിയ ജയിൽ ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയൻ ഉത്തരവിട്ടു.

കണ്ണൂർ സെൻട്രൽ ജയിൽ സൂപ്രണ്ടിന്റെ ചുമതലയുള്ള ജോയിന്റ് സൂപ്രണ്ട് കെ.എസ്. ശ്രീജിത്ത്, അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ്-I ബി.ജി.അരുൺ, അസിസ്റ്റന്റ് പ്രിസൺ ഓഫീസർ ഒ.വി. രഘുനാഥ് എന്നിവരെയാണ് അന്വേഷണ വിധേയമായി സർവീസിൽ നിന്നും സസ്പെന്റ് ചെയ്യാൻ ഉത്തരവിട്ടത്.

RNU TVPM

************************************

## ക്ഷേമ പെൻഷൻ

കേരളത്തിൽ സർക്കാർ നേരത്തെ പ്രഖ്യാപിച്ച ഒരു ഗഡു ക്ഷേമ പെൻഷന്റെ വിതരണം ഇന്ന് മുതൽ. 1,600 രൂപ വീതമാണ് ഗുണഭോക്താക്കൾക്കു ലഭിക്കുക. ഇതിനായി 900 കോടി അനുവദിച്ചതായി മന്ത്രി കെ.എൻ.ബാലഗോപാൽ അറിയിച്ചു.

************************************

## മഴ-സംസ്ഥാനം

സംസ്ഥാനത്തൊട്ടാകെ തുടരുന്ന കനത്ത മഴയിൽ വ്യാപകനാശം. ജലനിരപ്പ് ഉയർന്നതിനെ തുടർന്ന് ചെറുഡാമുകൾ തുറന്നു. തീരമേഖലകളിൽ കടലാക്രമണം

രൂക്ഷമായി. ഉയർന്ന പ്രദേശങ്ങളിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പ്രവേശനം നിരോധിച്ചു. മഴയ്ക്കൊപ്പം ശക്തമായ കാറ്റും തുടരുകയാണ്. ഇന്ന് വയനാട്, കണ്ണൂർ ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കാസർകോട് ജില്ലകളിൽ മഞ്ഞ ജാഗ്രതയും തുടരുന്നു. കണ്ണൂർ, കാസർകോട് ജില്ലകളിൽ തീരദേശത്ത് പ്രത്യേകജാഗ്രത പുലർത്തണമെന്ന് സമുദ്രസ്ഥിതിപഠന ഗവേഷണകേന്ദ്രം അറിയിച്ചു. കേരള തീരത്ത് കള്ളക്കടൽ പ്രതിഭാസത്തിനും സാധ്യതയുണ്ട്. കേരളം- ലക്ഷദ്വീപ്, കർണ്ണാടക തീരങ്ങളിൽ മീൻപിടിത്തത്തിന് വിലക്ക് ഏർപ്പെടുത്തി.

************************************

## ദേശീയ ദുരന്തനിവാരണ സേന-മഴ

കനത്ത മഴയെത്തുടർന്ന് ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, മലപ്പുറം, കൊല്ലം , കോഴിക്കോട്, തൃശൂർ, വയനാട് ജില്ലകളിൽ ദേശീയ ദുരന്തനിവാരണസേനയെ വിന്യസിച്ചു. ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് ജില്ലകൾക്ക് ഒരു കോടി രൂപവീതം അനുവദിച്ചു.

************************************

## കണ്ണൂർ (ഇൻട്രോ)

രണ്ടു ദിവസമായി അതിശക്തമായ മഴയാണ് കണ്ണൂർ ജില്ലയിൽ ലഭിച്ചത്. ഇന്ന് തുടർച്ചയായി മഴ പെയ്യുന്നില്ലെങ്കിലും മഴക്കെടുതികൾ രൂക്ഷമാണ് .

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശീധരൻ.

RNU TVPM

(വോയിസ്)

***********************************

## കൺട്രോൾ റൂം

മഴ കനത്തതോടെ തദ്ദേശവകുപ്പിലും കൺട്രോൾ റൂം തുറന്നു. 0471 2317214 ആണ് നമ്പർ. മണ്ണിടിച്ചിൽ, വെള്ളക്കെട്ട്, മറ്റു പ്രശ്നങ്ങൾ, പകർച്ചവ്യാധികൾ എന്നിവ സംബന്ധിച്ച് പൊതുജനങ്ങൾക്ക് വിവരം അറിയിക്കാം.

***********************************

## ആലപ്പുഴ (ഇൻട്രോ)

ആലപ്പുഴ ജില്ലയിൽ പമ്പാനദിയിലും മണിമലയാറ്റിലും ജലനിരപ്പ് ക്രമാതീതമായി ഉയരുകയാണ്.

വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ പ്രതിനിധി ആർ രവികുമാർ..

(വോയ്സ്)

RNU TVPM

***********************************

## വയനാട് -മഴ

വയനാട്ടിൽ പനമരം ചെറുപുഴകൾ കര കവിഞ്ഞതിനെത്തുടർന്ന് പ്രദേശത്തെ താഴ്ന്ന പ്രദേശങ്ങൾ വെള്ളപ്പൊക്ക ഭീഷണിയിൽ. നെൽവയലുകളിലെ തോടുകളിൽ വെള്ളമെത്തിയതോടെ നെല്ലിയമ്പം റോഡരികിൽ സ്ഥിതി ചെയ്യുന്ന ഇഷ്ടികകളങ്ങൾ വെള്ളം കയറി. കല്ലൂർ പുഴ കരകവിഞ്ഞു.

***********************************

## കോഴിക്കോട് -മണ്ണിടിച്ചിൽ

കോഴിക്കോട് ജില്ലയിൽ മഴക്ക് അല്പം ശമനമുണ്ടെങ്കിലും രാത്രിയിൽ ശക്തമായ മഴ ലഭിച്ചു.മലയോര മേഖലകളിൽ മഴ ശക്തം. കോഴിക്കോട് കാവിലുംപാറയിൽ വീടിന് സമീപം മണ്ണിടിച്ചിലുണ്ടായി.

************************************

ക്രിക്കറ്റ് (ഇൻട്രോ)

ട്വൻറി -20 പുരുഷ ലോകകപ്പ് ക്രിക്കറ്റിൽ ഫൈനലിൽ കടന്ന് ദക്ഷിണാഫ്രിക്ക. ഇന്ന് നടക്കുന്ന രണ്ടാം സെമിയിൽ ഇന്ത്യ ഇംഗ്ലണ്ടിനെ നേരിടും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി സുരേഷ് ബാബു.....

(വോയിസ്)

************************************

ആകാശവാണി-75

ആകാശവാണി തിരുവനന്തപുരം നിലയത്തിന്റെ എഴുപത്തിയഞ്ചാം വാർഷികത്തോട് അനുബന്ധിച്ച് നാളെ രാവിലെ പത്തു മണിക്ക് കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡിന്റെ സഹകരണത്തോടെ കാഴ്ചപരിമിതി ഉള്ളവർക്കായി ബോധവൽക്കരണ സെമിനാർ സംഘടിപ്പിക്കുന്നു.

തിരുവനന്തപുരം ലോ കോളേജ് ജംഗ്ഷനിൽ ഉള്ള കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡിന്റെ കോൺഫറൻസ് ഹാളിലാണ് പരിപാടി. സംസ്ഥാന ഭിന്നശേഷി കമ്മീഷണർ എസ്.എച്ച്.പഞ്ചാപകേശൻ, സാമൂഹ്യ നീതി വകുപ്പ് അസിസ്റ്റൻറ് ഡയറക്ടർ അഷ്റഫ് കാവിൽ എന്നിവർ സെമിനാർ നയിക്കും.

RNU TVPM

************************************

## വയനാട് -കാട്ടാന

വയനാട് നെയ്ക്കുപ്പയിൽ കാട്ടാന ഓട്ടോറിക്ഷ തകർത്തു. നടവയൽ ടൗണിൽ മെസ് നടത്തുന്ന പുതുശ്ശേരി സഹദേവൻ്റെ ഓട്ടോറിക്ഷയാണ് തകർത്തത്.

************************************

## കൊല്ലം- അപകടം

കൊല്ലം അഞ്ചലിൽ KSRTC ബസും, പിക് അപ് വാനും കൂട്ടിയിടിച്ച് ഒരാൾ മരിച്ചു. ഇരുപതോളം പേർക്ക് പരിക്കേറ്റു. പിക് അപ് വാനിലുണ്ടായിരുന്ന ആളാണ് മരിച്ചത്. രാവിലെ ഏഴരയോടെ കൈപ്പള്ളിമുക്കിലായിരുന്നു അപകടം.

PNU TVPM

************************************

## ട്രെയിനുകൾ റദ്ദാക്കി

നാളെ പുറപ്പെടേണ്ട കൊച്ചുവേളി- യോഗ് നഗരി ഋഷികേശ് എക്സ്പ്രസും ജൂലൈ 1 നു പുറപ്പെടേണ്ട യോഗ് നഗരി ഋഷികേശ് - കൊച്ചുവേളി എക്സ്പ്രസും റദ്ദാക്കി.

************************************

## ഡാം മുന്നറിയിപ്പ്

തിരുവനന്തപുരത്ത് പേപ്പാറ ഡാമിൻ്റെ ഒന്നു മുതൽ നാലു വരെയുള്ള ഷട്ടറുകൾ 5cm വീതം ഉയർത്തുമെന്നും സമീപവാസികൾ ജാഗ്രത പുലർത്തണമെന്നും കളക്ടർ അറിയിച്ചു.

************************************

## ചരമവാർഷികം -പുഷ്പാർച്ചന

മുൻ മന്ത്രി എ.സി.ഷണ്മുഖദാസിന്റെ ചരമ വാർഷികത്തോട് അനുബന്ധിച്ച് എരഞ്ഞിക്കലിലുള്ള വസതിക്ക് മുന്നിലെ സ്മൃതി മണ്ഡപത്തിൽ പുഷ്പാർച്ചന നടന്നു.

എൻ.സി.പി സംസ്ഥാന അധ്യക്ഷൻ പി.സി.ചാക്കോ, വനം മന്ത്രി എ.കെ.ശശീന്ദ്രൻ തുടങ്ങിയ നേതാക്കൾ പങ്കെടുത്തു.

*******************************************************
**********************

RNU TVPM